ധനസഹായത്തോടെ നടപ്പിലാക്കുന്ന 190 പദ്ധതികളും നബാർഡിന്റെ ധനനസഹായത്തോടെ നടപ്പിലാക്കുന്ന 32 പദ്ധതികളും സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി കൊച്ചി നഗരത്തിനും സമീപ പഞ്ചായത്തുകൾക്കുമായിട്ടുള്ള വിപുലീകരണ പദ്ധതിയും കൊല്ലം ശുദ്ധജലവിതരണ പദ്ധതിക്കായി കല്ലടയാറ്റിൽ കടപുഴ നിന്നും ജലം ലഭ്യമാക്കുന്ന പദ്ധതിയും കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കി വരുന്നു. എല്ലാ വൻകിട പദ്ധതികളും വാട്ടർ അതോറിറ്റിയുടെ ഹെഡ് ഓഫീസിൽ 'പാസ്ക്' (പി.എ.എസ്.കെ.) സംവിധാനത്തിലും വീഡിയോ കോൺഫറൻസ് വഴിയും അവലോകനം ചെയ്ത് സമയബന്ധിതമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, നബാർഡ്, ജിക്ക, ജെ.എൻ.എൻ.യു.ആർ.എം, യു.ഐ.ഡി.എസ്.എസ്.എം.ടി. എന്നിവയാണ് വിവിധ വൻകിട ശുദ്ധജല വിതരണ പദ്ധതികൾ നടപ്പിലാക്കാൻ സഹകരിക്കുന്നത്.

(സി) കടിവെള്ള സ്രോതസ്സുകളിലെ ജലലഭ്യത വേനൽക്കാലങ്ങളിൽ പല സ്ഥലങ്ങളിലും കറയുന്നുണ്ട്. അങ്ങനെയുള്ള സ്രോതസ്സുകളിൽ താത്കാലിക/ സ്ഥിര തടയണകൾ നിർമ്മിച്ച് ജലലഭ്യത ഉറപ്പുവരുത്തുന്നുണ്ട്. ഇതുമൂലം ഒരു പരിധിവരെ കടിവെള്ള ലഭ്യത സാധ്യമാകുന്നുണ്ട്.

നദികളും പുഴകളും പാട്ടത്തിന് നൽകുന്നത്

211 (919) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

നദികളും പുഴകളും പാട്ടത്തിന് നൽകുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ, ഉണ്ടെങ്കിൽ അത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്?

ഉത്തരം

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

പട്ടുവം ജപ്പാൻ കടിവെള്ള പദ്ധതി

212 (920) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 28-8-2014-ന് 69.32 കോടി രൂപയുടെ ഭരണാനുമതി ലഭിച്ച പട്ടുവം ജപ്പാൻ കടിവെള്ള പദ്ധതിയുടെ രണ്ടാംഘട്ട വിപുലീകരണത്തിന്റെ നിർമ്മാണ പ്രവൃത്തികൾ എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഓരോ പഞ്ചായത്തിലും എത്ര കിലോമീറ്റർ പൈപ്പ് ലൈൻ ഇടാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം നൽകുമോ ;

(സി) രൂക്ഷമായ കുടിവെള്ള ക്ഷാമം നേരിടുന്ന പ്രദേശങ്ങളിൽ എന്നത്തേക്ക് കുടിവെള്ളം എത്തിക്കാൻ കഴിയുമെന്നറിയിക്കുമോ ?

ഉത്തരം

(എ) പദ്ധതിയുടെ രണ്ടാംഘട്ട വിപുലീകരണത്തിന് ജിക്കയുടെ അംഗീകാരം ലഭ്യമാക്കുവാൻ കേന്ദ്ര സർക്കാർ മുഖേന ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) പട്ടുവം ജപ്പാൻ കുടിവെള്ള പദ്ധതിയുടെ രണ്ടാംഘട്ട വിപുലീകരണ പദ്ധതി പ്രകാരം 597 കി.മീ. പൈപ്പ്ലൈൻ നീട്ടാനാണ് ഉദ്ദേശിക്കുന്നത്. ഇത് പ്രകാരം താഴെപ്പറയുന്ന പഞ്ചായത്തുകൾക്കും തളിപ്പറമ്പ് മുനിസിപ്പാലിറ്റിക്കും പ്രയോജനം ലഭിക്കുന്നതാണ്. ഓരോ പഞ്ചായത്തിലും താഴെപ്പറയുന്ന നീളത്തിൽ പൈപ്പ് ലൈൻ ഇടാനാണ് ഉദ്ദേശിക്കുന്നത്.

പരിയാരം	95 കി.മീ.
കുറുമാത്തൂർ	78 കി.മീ.
ചപ്പാരക്കടവ്	46 കി.മീ.
പട്ടുവം	22 കി.മീ.
ഏഴോം	36 കി.മീ.
കല്ല്യാശ്ശേരി	39 കി.മീ.
പാപ്പിനിശ്ശേരി	42 കി.മീ.
ചെറുകുന്ന്	21 കി.മീ.
കണ്ണപുരം	35 കി.മീ.
മാട്ടോൾ	19 കി.മീ.
കടന്നപ്പള്ളി പാണപ്പുഴ	79 കി.മീ

(സി) ടി പദ്ധതി പൂർത്തീകരിക്കുമ്പോൾ മേൽപ്പറഞ്ഞ പഞ്ചായത്തുകളിലെ കുടിവെള്ള ക്ഷാമം നേരിടുന്ന മിക്ക ഭാഗങ്ങളിലും ശുദ്ധജലം എത്തിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഇതിന് ഒരു വർഷത്തോളം വേണ്ടിവരും.

LIBRARY ARCHIVES Kerala Legislative Assembly